കൊട്ടാരക്കര മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കിയ പ്രവൃത്തികൾ

75 (3042) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കൊട്ടാരക്കര അസംബ്ലി മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) 2013-14, 2014-15 വർഷങ്ങളിൽ നബാർഡ് ധനസഹായത്തിനായി കൊല്ലം ജില്ലയിൽനിന്നും തയ്യാറാക്കി അയച്ചിരുന്ന പ്രൊപ്പോസലുകളുടെ വിശദാംശങ്ങളും അനുമതി ലഭിച്ചവയുടെ വിവരവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര അസംബ്ലി മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല

(ബി) 2013-14, 2014-15 വർഷങ്ങളിൽ നബാർഡ് ധനസഹായത്തിനായി കൊല്ലം ജില്ലയിൽനിന്നും ആകെ 9 പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ടാബ്ലെ XX-ൽ ഉൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

കേന്ദ്രാവിഷ്കൃത പദ്ധതികൾ

76 (3043) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തികവർഷത്തിൽ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെ പ്രദേശങ്ങളിൽ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി ഓരോ പ്രവൃത്തിക്കും എത്ര ഇക വീതം നീക്കിവച്ചെന്നും ഇതിനകം എത്ര ഇക ചെലവഴിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

2015-16-ലെ കേന്ദ്രബഡ്ജറ്റ്

77 (T* 3044) ശ്രീ. എം. എ. ബേബി :
ശ്രീ. എളമരം കരീം :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16-ലെ കേന്ദ്ര ബഡ്ജറ്റ് സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങളിന്മേൽ എത്രത്തോളം നീതിപുലർത്തിയിട്ടുണ്ട്

(ബി) സംസ്ഥാനം നിരന്തരമായി ആവശ്യപ്പെടുന്ന ഏതെങ്കിലും കാര്യത്തിൽ അനുകൂല തീരുമാനം ബഡ്ജറ്റിൽ ഉണ്ടായിട്ടുണ്ടോ ; സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങളാണ് ബഡ്ജറ്റിൽ അവഗണിക്കപ്പെട്ടിരിക്കുന്നത് ;

(സി) ബഡ്ജറ്റ് വിഹിതത്തിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ഡി) കേരളത്തോടുള്ള അവഗണനയിൽ കേന്ദ്രസർക്കാരിന്റെ ശ്രദ്ധ ക്ഷണിയ്ക്കാൻ എന്ത നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ&ബി) സംസ്ഥാനം കേന്ദ്രസർക്കാരിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന ഇക എഴുതിത്തള്ളുക, റബ്ബർ മേഖല പാരമ്പര്യ കാർഷികോല്പന്ന മേഖല എന്നിവയിലെ മാന്ദ്യം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ, സംസ്ഥാന ഭവന പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം, പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ, സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുക, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി വർദ്ധിച്ച തോതിലുള്ള കേന്ദ്രസഹായം അനുവദിക്കുക, പബ്ലിക് സർവ്വീസിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly